

# കേറ്റ് മില്ലറ്റും ലൈംഗികതയുടെ രാഷ്ട്രീയവും

**വാക്കും പ്രവൃത്തിയും തമ്മിൽ അന്തരമില്ലാതിരുന്നതാണ് കേറ്റ് മില്ലറ്റിന്റെ പ്രത്യേകത. ധിഷണയും ഭാഷയും ഒരുപോലെ വഴങ്ങിയിരുന്നത് മറ്റൊരു സവിശേഷത. ഫെമിനിസത്തെ പിന്താങ്ങുന്നവർക്കും എതിർക്കുന്നവർക്കും അവഗണിക്കാനാവാത്ത പുസ്തകമായി 'സെക്ഷ്വൽ പൊളിറ്റിക്സ്' നിലനിൽക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല**

■ ചന്ദ്രമതി



ഡോക്ടറൽ തീസിസുകൾ പൊതുവേ വായനയ്ക്കു വിരസമാണ്. എന്നാൽ കേറ്റ് മില്ലറ്റ് കൊളംബിയാ യൂണിവേഴ്‌സിറ്റിയിൽനിന്ന് പി.എച്ച്ഡി. നേടിയ ശേഷം തന്റെ തീസിസ് 'സെക്ഷ്വൽ പൊളിറ്റിക്സ്' എന്ന പേരിൽ 1970–ൽ പ്രസിദ്ധീകരിച്ചപ്പോൾ രണ്ടാഴ്ചകൊണ്ട് പതിനായിരം കോപ്പികൾ വിറ്റഴിഞ്ഞു. ഫെമിനിസത്തിന്റെ വളർച്ചയുടെ രണ്ടാംഘട്ടമായിരുന്നു അത്. ഒരു ഫോക്കസില്ലാതിരുന്ന ഫെമിനിസത്തിന് സൂക്ഷ്മതയും ശക്തിയും പകരാൻ ഈ പുസ്തകത്തനായി. സ്ത്രീ മുന്നേറ്റ ചരിത്രത്തിന്റെ ആൽഫയും ഒമേഗയുമാണ് മില്ലറ്റിന്റെ പുസ്തകമെന്ന് ആൻഡ്രിയാ ഡോർകിൻ എന്ന ഫെനിമിസ്റ്റ് നിരൂപക വാഴ്ത്തിയിട്ടുണ്ട്. ആ മില്ലറ്റാണ് 2017 സെപ്തംബർ ആറാം തീയതി മരണത്തിനു കീഴടങ്ങിയത്. തന്റെ 83–ാം പിറന്നാളാഘോഷിക്കാൻ ഭാര്യയായ സോഫി കെയറുമൊത്ത് പാരീസിലായിരിക്കുമ്പോഴാണ് പെട്ടെന്നുണ്ടായ ഹൃദയാഘാതം അവരെ കീഴടക്കിയത്.

മരണം പത്രവാർത്തയായി നമ്മുടെ നാട്ടിലുമെത്തിയപ്പോഴാണ് പലർക്കും ചില സംശയമുണ്ടായത്. ഫെമിനിസത്തെക്കുറിച്ചുള്ള പല സെമിനാറുകളിലും കേറ്റ് മില്ലറ്റ് ഉൾപ്പെടെയുള്ളവരെപ്പറ്റി വാചാലയാകാറുള്ള ഒരു പ്രൊഫസർ എന്നെ വിളിച്ച് "കേറ്റ് മില്ലറ്റ് സ്ത്രീയല്ലേ; അവർക്കെങ്ങനെ ഭാര്യയുണ്ടാകും? പത്രക്കാർക്കു തെറ്റിയതാണോ?'' എന്നാണ് ചോദിച്ചത്. സ്വവർഗ്ഗരതി നിയമവിധേയമാക്കിയത് അറിഞ്ഞില്ലായിരുന്നോ എന്ന ചോദ്യത്തിൽ ഞാൻ മറുപടിയൊതുക്കി. ഒരർത്ഥത്തിൽ ഈ ലേഖനം എഴുതാൻ എന്നെ പ്രേരിപ്പിച്ചത് ആ ചോദ്യമാണ്.

കാതറിൻ മറി മില്ലറ്റ് എന്ന കേറ്റ് മില്ലറ്റ് ജനിച്ചതും ഒരു സെപ്തംബറിലാണ്. 1934 സെപ്തംബർ 14–ന് മദ്യപനായ അച്ഛന്റേയും ടീച്ചറായ അമ്മയുടേയും മൂന്നു പെൺമക്കളിലൊരാൾ. അവരെ വളർത്തിക്കൊണ്ടുവരാൻ അമ്മ ഒരുപാട് ക്ലേശിച്ചു. പണക്കാരിയായ ഒരു അമ്മായി സഹായിച്ചതുകൊണ്ട് കേറ്റിന് ഓ

ക്സ്ഫോർഡ് സർവ്വകലാശാലയിൽ പഠിക്കാനൊത്തു. അവിടെ സെന്റ് ഹിൽഡാ കോളേജിൽനിന്ന് ഒന്നാം ക്ലാസ്സിൽ ബിരുദമെടുക്കുന്ന ആദ്യത്തെ അമേരിക്കൻ വനിതയായി മില്ലറ്റ്.

എന്തും വെട്ടിത്തുറന്നു പറയുന്ന, നിർബന്ധ ബുദ്ധിക്കാരിയായ ആ പെൺകുട്ടി മധ്യവർഗ്ഗക്കാരുടെ ആചാര മര്യാദകൾ ഒട്ടുംതന്നെ പാലിക്കാത്തവളായിരുന്നു. അമ്മയോട്, അമ്മ മക്കൾക്കും കുടുംബത്തിനും വേണ്ടി ഏറ്റെടുക്കുന്ന കഷ്ടപ്പാടുകളോട്, തികഞ്ഞ അനുഭാവമായിരുന്നു അവൾക്ക്. 2001-ൽ പ്രസിദ്ധീകരിച്ച 'മദർ മില്ലറ്റ്' എന്ന പുസ്തകം ആ ബന്ധത്തിന്റെ പൂർണ്ണചിത്രം തരുന്നു. അമ്മയുടെ ആരോഗ്യം കുറഞ്ഞപ്പോൾ അവൾ ഉൽക്കണ്ഠാകുലയായി. മദ്യത്തിൽ മാത്രം തൽപ്പരനായ അച്ഛൻ അമ്മയെ ശ്രദ്ധിക്കുന്നില്ലെന്നു കണ്ടപ്പോൾ അവൾ ഒരു അപ്പാർട്ട്മെന്റ് വാടകയ്ക്കെടുത്ത് അമ്മയെ അങ്ങോട്ടു മാറ്റുകയും ശുശ്രൂഷിക്കാൻ പരിചാരകരെ നിയമിക്കുകയും ചെയ്തു അമ്മയുടെ ബാക്കിയുള്ള യാത്ര സുഗമമാക്കി ഉത്തരവാദിത്വമില്ലാത്ത അച്ഛനെ കേറ്റ് മില്ലറ്റ് ശരിക്കും ആക്രമിക്കുന്നുണ്ട് ഈ പുസ്തകത്തിൽ.

പത്തോളം പുസ്തകങ്ങളും അനേകം ലേഖനങ്ങളും ശിൽപ്പങ്ങളും കേറ്റ് മില്ലറ്റിന്റേതായുണ്ട്. 1961-ൽ ജപ്പാനിൽവച്ചാണ് അവർ ഫ്യൂമിയോ യെഷിമോറാ എന്ന ശിൽപ്പിയെ പരിചയപ്പെടുന്നത്. ബൈസെക്ഷ്വൽ എന്നാണ് മില്ലറ്റ് സ്വയം വിശേഷിപ്പിച്ചിരുന്നത്. സ്ത്രീയുടേയും പുരുഷന്റേയും ലൈംഗികതയുള്ളവൾ. വിഭാര്യനായിരുന്ന യെഷിമോറയുമൊത്ത് ന്യൂയോർക്കിലെത്തിയ അവർ രണ്ടുവർഷങ്ങൾ അയാളോടൊപ്പം ഒരുമിച്ചു ജീവിച്ചു. 1965-ൽ നിയമപരമായി അവർ വിവാഹിതരായി. 'സ്നേഹിതരും പ്രണയികളും' എന്നു തങ്ങളെ വിശേഷിപ്പിച്ച മില്ലറ്റ് 'സെക്ഷ്വൽ പൊളിറ്റിക്സ്' സമർപ്പിച്ചിരിക്കുന്നത് യെഷിമോറയ്ക്കാണ്. മില്ലറ്റിനെ പ്രണയിക്കുകയും സ്വന്തം ജോലിയിൽ വ്യാപൃതനാവുകയും ചെയ്ത യെഷിമോറയ്ക്ക് മില്ലറ്റിന്റെ കാമുകിമാരെ അംഗീകരിക്കാൻ




കഴിഞ്ഞു എങ്കിലും 1985-ൽ അവർ വിവാഹമോചിതരായി. മില്ലറ്റിന്റെ മാനസികാസ്വാസ്ഥ്യമായിരുന്നു ഒരു കാരണം. ഇതു പിന്നീട് ഭ്രാന്തിലേക്കു വളർന്നു.

മാനസികരോഗത്തിന്റെ ലക്ഷണങ്ങൾ 1973 മുതൽ മില്ലറ്റിൽ കണ്ടുതുടങ്ങിയിരുന്നു. കാലിഫോർണിയാ യൂണിവേഴ്സിറ്റിയിൽ സ്വന്തം സിനിമ പ്രദർശിപ്പിക്കുന്ന സന്ദർഭത്തിലാണ് അത് ആദ്യം പ്രകടമായത്. പ്രസംഗിക്കാനെഴുന്നേറ്റ മില്ലറ്റ് സ്ഫുടതയില്ലാതെ, നിയന്ത്രണമില്ലാതെ എന്തൊക്കെയോ വിളിച്ചുപറഞ്ഞു. സഹോദരിയുടെ സമ്മതത്തോടെ മാനസിക ചികിത്സാകേന്ദ്രം അധികൃതർ മില്ലറ്റിനെ പിടിച്ചുകൊണ്ടുപോയി. 10 ദിവസം കഴിഞ്ഞു പുറത്തിറങ്ങിയെങ്കിലും സ്ഥിതി വഷളായപ്പോൾ കുടുംബം തന്നെ വീണ്ടും അവിടെ കൊണ്ടാക്കി.

1990-ൽ പ്രസിദ്ധീകരിച്ച 'ലൂണി-ബിൻ ട്രിപ്പ്' ഭ്രാന്തിന്റെ മായികലോകത്തെയും വേട്ടയാടപ്പെടുന്നതിന്റെ വേദനയേയും തുറന്നുകാട്ടുന്നു. "നിന്നെ ഇവിടെ കൊണ്ടുവന്നവരെ വിശ്വസിച്ചതാണ് നീ ചെയ്ത ആദ്യത്തെ തെറ്റ്" എന്ന് ഡോക്ടറെക്കൊണ്ടു പറയിക്കുന്നതിലൂടെ മില്ലറ്റ് തന്റെ കുടുംബത്തോടുള്ള പക വെളിവാക്കുന്നു. ചിതറിപ്പോയ ജീവിതം പെറുക്കിയെടുക്കാൻ മില്ലറ്റ് നടത്തുന്ന അനുകമ്പാർഹമായ ശ്രമങ്ങൾ വായനക്കാരെ ആർദ്രമനസ്കരാക്കും.

മാനസികരോഗ ചികിത്സയ്ക്കു ശേഷമാണ് മില്ലറ്റിൽ ആത്മഹത്യാ പ്രവണതയുണ്ടായത്.

'ഫ്ളൈയിംഗ്' (1974) എന്ന പുസ്തകത്തിലൂടെ മില്ലറ്റ് ഒരുപാട് സ്വകാര്യാനുഭവങ്ങൾ വായനക്കാരുമായി പങ്കിടുന്നുണ്ട്. ജനശ്രദ്ധ കിട്ടുമ്പോൾ അസ്വസ്ഥയാകുന്ന ഒരു പ്രശസ്ത സാഹിത്യകാരിയാണ് അതിലെ കേന്ദ്രകഥാപാത്രം അവരിലൂടെയാണ് കഥ പറയുന്നത്. അച്ചടക്കമുള്ള കത്തോലിക്കാ സമൂഹത്തിൽ വളർന്ന തനിക്ക് ആദ്യമായുണ്ടായ ലൈംഗികാനുഭവവും മറ്റൊരു സ്ത്രീയോടു തോന്നിയ അഭിനിവേശവും തുടർന്നുണ്ടായ കുറ്റബോധവും ഭർത്താവുമൊത്തുള്ള ജീവിതവുമൊക്കെ മില്ലറ്റ് ഇതിൽ തുറന്നു പറയുന്നു.

സ്വവർഗ്ഗ പ്രണയത്തെക്കുറിച്ചുള്ള മറ്റൊരു കൃതിയാണ് 'സീത' (1977). തന്നെക്കാൾ പത്തുവർഷം മുതിർന്ന, മൂന്നു വിവാഹബന്ധങ്ങൾ പിന്നിട്ട, വലിയ കുട്ടികളുള്ള ഒരു സ്ത്രീയുമായി മില്ലറ്റിനുണ്ടായ പ്രണയവും പ്രണയത്തകർച്ചയും ആണ് ഇതിവൃത്തം. "വേഗതയിൽ കടന്നുപോകുന്ന കാറിന്റെ കാറ്റുപോലെ" സീത എന്ന സ്ത്രീ മില്ലറ്റിനെ വിട്ടുപോകുന്നു. യെഷിമോറയുമായുള്ള വിവാഹത്തിന്റെ തകർച്ച തുടങ്ങുന്നതും തന്റെ മാനസികരോഗവുമെല്ലാം മില്ലറ്റ് ഇതിൽ ചിത്രീകരിക്കുന്നുണ്ട്.

ആത്മാംശമില്ലാത്ത കൃതികളും അവർ എഴുതിയിട്ടുണ്ട്. 1979-ൽ പ്രസിദ്ധീകരിച്ച 'ബേസ്മെന്റ്' ഉദാഹരണം. ഒരു രാഷ്ട്രീയ കൊലപാതകമാണ് ഈ കൃതിക്കാധാരം.

തന്റെ വരുമാനമുപയോഗിച്ച് കേറ്റ് മില്ലറ്റ് ന്യൂയോർക്കിൽ 10 ഏക്കർ കൃഷിസ്ഥലം വാങ്ങി അവിടെ കലാകാരികൾക്കായി ഒരു കോളനി സ്ഥാപിച്ചു. ക്രിസ്തുമസ് മരങ്ങൾ നട്ടുവളർത്തി വിറ്റാണ് മറ്റു ചെലവുകൾക്ക് ഇവിടെ പണം കണ്ടെത്തിയത്. മില്ലറ്റ് സെന്റർ ഫോർ ആർട്ട്സ് എന്ന് അറിയപ്പെടുന്ന ഈ കോളനിയിൽ ധാരാളം കലാകാരികളെത്തി.

പിന്നീട് മില്ലറ്റിന്റെ ഭാര്യയായിത്തീർന്ന സോഫികെയർ കാനഡ

യിലെ ഒരു ഫോട്ടോ ജേണലിസ്റ്റ് ആയിരുന്നു. ആദ്യമായി അവർ മില്ലറ്റിനെ കാണുമ്പോൾ മില്ലറ്റ് അവശയായിരുന്നു. മാനസികാസ്വാസ്ഥ്യത്തിനുള്ള ലിത്തിയം എന്ന മരുന്നു കഴിക്കുക കാരണം അവരുടെ കൈകൾ വിറച്ചുകൊണ്ടിരുന്നു. സ്ഥിരം വയറിളക്കക്കാരിയുമായിരുന്നു അവർ. മരുന്നു നിർത്താൻ സോഫികെയർ പ്രേരിപ്പിച്ച് ശുശ്രൂഷകയായി കൂടെനിന്നു. പക്ഷേ, ഫലം തിരിച്ചായി. പെട്ടെന്നുപെട്ടെന്നുണ്ടാകുന്ന മില്ലറ്റിന്റെ സ്വഭാവമാറ്റങ്ങൾ കാരണം കലാകേന്ദ്രം കലാപകേന്ദ്രമായി മാറി. അയർലന്റിലേക്കുള്ള യാത്രയ്ക്കിടയിൽ എയർപോർട്ടിൽവച്ച് മാനസിക അസ്വസ്ഥതകൾ കാണിച്ച മില്ലറ്റ് മരുന്നു കഴിക്കാത്ത മാനസികരോഗി എന്ന നിലയിൽ പിടിക്കപ്പെട്ടു. അവിടത്തെ മാനസിക ചികിത്സാകേന്ദ്രത്തിൽ കടുത്ത മരുന്നുകൾ കഴിച്ച് അവശയായ മില്ലറ്റിനെ നാടകക്കൃത്ത് മാർഗരീത്താ ഡാർസി ഇടപെട്ട് സ്വതന്ത്രയാക്കി നാട്ടിലേക്കയച്ചു. ഇത്തവണ മില്ലറ്റ് ദൃഢചിത്തയായിരുന്നു. സോഫി കെയറിന്റെ പിന്തുണയോടെ ഒരു വർഷത്തോളം മരുന്നില്ലാതെ ജീവിച്ചു. ഒരു വർഷത്തിനുശേഷമാണ് താൻ മരുന്നു കഴിക്കുന്നില്ലെന്ന വിവരം മില്ലറ്റ് പുറത്തുവിട്ടത്.

1979-ൽ സോഫി കെയറുമൊത്ത് മില്ലറ്റ് ഇറാനിലേക്കു പോയി. ആയത്തുള്ള ഖൊമേനിയുടെ സ്ത്രീവിരുദ്ധ നയങ്ങൾക്കെതിരെ നടന്ന പ്രകടനങ്ങളിലും പ്രതിഷേധങ്ങളിലും രണ്ടുപേരും പങ്കെടുത്തു. സ്വാഭാവികമായും അവർ അറസ്റ്റ് ചെയ്യപ്പെട്ടു. ഇവർ ലെസ്ബിയൻസാണ് എന്ന് പൊലീസ് പറയുന്നത് മില്ലറ്റ് കേട്ടു. ഇറാനിൽ സ്വവർഗ്ഗരതിക്കു വധശിക്ഷയാണ്. തന്റെ ജീവൻ പോകുമെന്നുതന്നെ മില്ലറ്റ് ഉറപ്പിച്ചു. പക്ഷേ, രണ്ടുപേരെയും പാരീസിലേക്കുള്ള വിമാനത്തിൽ കയറ്റിവിടുകയാണ് ഇറാൻ പൊലീസ് ചെയ്തത്. പിന്നീട് 83-ാം പിറന്നാളാഘോഷിക്കാൻ സോഫിയുമൊത്ത് പാരീസിലെത്തിയ മില്ലറ്റ് അവിടെവച്ചുതന്നെ ഹൃദയാഘാതത്തിനു വഴങ്ങി ലോകം വിട്ടുപോയി.

കേറ്റ് മില്ലറ്റിനെ പ്രശസ്തയും ധനികയുമാക്കിയ 'സെക്ഷ്വൽ പൊളിറ്റിക്സ്' എന്ന പുസ്തകം മൂന്നു വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ലൈംഗികതയുടെ രാഷ്ട്രീയം. ചരിത്രപശ്ചാത്തലങ്ങൾ. സാഹിത്യവിചിന്തനങ്ങൾ എന്നിവയാണ് അവ.

ഒന്നാം ഭാഗം തുടങ്ങുന്നത് 'ലൈംഗിക രാഷ്ട്രീയത്തിന്റെ ഉദാഹരണങ്ങൾ' എന്ന ഉപവിഭാഗത്തോടുകൂടിയാണ്. ഇതിൽ നിറയെ നോർമൽ മെയ്‌ലർ, ഹെൻറി മില്ലർ, ഡി.എച്ച്.



ലോറൻസ് തുടങ്ങിയ പ്രശസ്ത എഴുത്തുകാരുടെ കൃതികളിൽനിന്നുള്ള അശ്ലീല ഉദ്ധരണികളാണ്. ഇടയ്ക്കിടെ ആക്ഷേപഹാസ്യം നിറഞ്ഞ മില്ലറ്റ് കമന്റുകളുമുണ്ട്. പുരുഷ എഴുത്ത് സ്വയം സംസാരിച്ച് സ്വന്തം കുറ്റങ്ങൾ തുറന്നുകാട്ടുന്ന രീതിയാണിവിടെ മില്ലറ്റ് സ്വീകരിച്ചത്. സ്വന്തം വാക്കുകൾ ഒരു പ്രശസ്തനും നിഷേധിക്കാനാവില്ലല്ലോ. സ്ത്രീയെ ലൈംഗിക ഉപകരണമായി മാത്രം കാണുന്ന പുരുഷ എഴുത്തു സംസ്കാരം സ്വയം അനാവൃതമാകുമ്പോൾ വായനക്കാർക്കും അത് അവഗണിക്കാനാവില്ല. എന്നിട്ടും ലെസ്‌ലി ക്രാഫോസിനെപ്പോലുള്ള നിരൂപകർ രംഗത്തെത്തി. "നോർമൻ മെയ്‌ലർ, ഹെൻറി മില്ലർ, ഡി.എച്ച്. ലോറൻസ്, ഴാങ് ഷെനേ തുടങ്ങിയ എഴുത്തുകാരുടെ കൃതികളിൽനിന്നുള്ള ഉദ്ധരണികൾ, സ്ത്രീയെ താഴ്ത്തിക്കെട്ടാൻ അവർ ഉപയോഗിച്ചതാണെന്നു കാണിക്കാൻ വേണ്ടി മില്ലറ്റ് ഉപയോഗിച്ചിട്ടുണ്ട്. പക്ഷേ, ആ ഉദ്ധരണികൾ മാറ്റിനിർത്തിയാൽ മില്ലറ്റിന്റെ പുസ്തകം തരുന്നത് വരണ്ട വായന മാത്രമാണ്."

ഒന്നാം ഭാഗത്തിന്റെ രണ്ടാം ഉപവിഭാഗത്തിൽ മില്ലറ്റ് സ്ത്രീ-പുരുഷ ബന്ധങ്ങളുടെ രാഷ്ട്രീയമെന്തെന്നു പരിശോധിക്കുന്നു. വംശം (race), വർഗ്ഗം (class), ലൈംഗിക വിഭാഗങ്ങൾ എന്നിവയുടെ അധികാര രാഷ്ട്രീയത്തെ സമഗ്രപഠനത്തിനു വിധേയമാക്കുകയാണിവിടെ. "രാഷ്ട്രീയം എന്ന പദം അധികാരാധിഷ്ഠിതമാണ്. ഒരു പറ്റം ആളുകളെ അടിച്ചമർത്താൻ മറ്റൊരു പറ്റം ആളുകൾ ഉപയോഗിക്കുന്ന ആയുധം." ഒരു വംശത്തിന്/വർഗ്ഗത്തിനു മേൽ മറ്റൊരു വംശം/വർഗ്ഗം മേൽക്കോയ്മ സ്ഥാപിച്ച് കഷ്ടപ്പെടുത്തുന്നതുപോലെയാണ് പുരുഷനും സ്ത്രീയും തമ്മിലുള്ള ലൈംഗിക-അധികാര രാഷ്ട്രീയം. ഈ സ്ഥിതിക്ക് ഉത്തരവാദി പുരുഷന് മേധാവിത്വം കൽപ്പിച്ചുകൊടുക്കുന്ന സമൂഹമാണ്. പുരുഷനു ഉയർന്ന പദവിയും സ്ത്രീക്കു താഴ്ന്ന ഭൂമികയും നൽകുന്ന സാമൂഹ്യ യാഥാർത്ഥ്യമാണ് പുരുഷമേധാവിത്വമെന്ന് മില്ലറ്റ് പറയുന്നു. അതിന്റെ ഉറവിടം മുതലാളിത്തമാണ്. "ബോധപൂർവ്വമായി നല്ലവണ്ണം സംഘടിപ്പിച്ച പുരുഷ ഗൂഢാലോചന"യാണ് മുതലാളിത്തം. ഇങ്ങനെ മില്ലറ്റ് മുതലാളിത്തത്തെ പഴിചാരിയത് ഫെമിനിസ്റ്റുകളിൽത്തന്നെ പലർക്കും പിടിച്ചില്ല. കാപ്‌ലൻ, റ്റോറി മോയ് തുടങ്ങിയവർ മില്ലറ്റിനു നേരെ തിരിഞ്ഞു.

പുരുഷമേധാവിത്വത്തിന്റെ സൈദ്ധാന്തിക തലങ്ങളിലേക്കു കടക്കുന്ന മില്ലറ്റ് അതിന്റെ എട്ടു മേഖലകളെക്കുറിച്ച് തുടർന്നു പറയുന്നു. 1. പ്രത്യയശാസ്ത്രം. 2. ജീവശാസ്ത്രം. 3. സമൂഹശാസ്ത്രം. 4. നരവംശ ശാസ്ത്രം. 5. മനഃശാസ്ത്രം. 6. ധനശാസ്ത്രവും വിദ്യാഭ്യാസവും. 7. കരുത്ത്. 8. വർഗം/വകുപ്പ്. ഈ എട്ടു മേഖലകളും മനപ്പൂർവ്വം സ്ത്രീയെ ഇടിച്ചുതാഴ്ത്തുന്നു. ധിഷണയിൽ താഴ്ന്നവളായി, വികാരജീവിയായി, ശിശുമനസ്കയായി ചിത്രീകരിക്കുക വഴി അവളെ 'ഇര'യുടെ ഭൂമികയിൽ പ്രതിഷ്ഠിക്കുന്നു.

'ലൈംഗിക രാഷ്ട്രീയ'ത്തിന്റെ രണ്ടാം ഭാഗമായ 'ചരിത്ര പശ്ചാത്തലങ്ങ'ളിൽ മില്ലറ്റ് രണ്ട് ചരിത്രഘട്ടങ്ങളെ അടയാളപ്പെടുത്തുന്നു. 1. ലൈംഗികവിപ്ലവം. (1830 മുതൽ 1930 വരെ). 2. പ്രതിവിപ്ലവം (1930 മുതൽ 1960 വരെ).

ആദ്യത്തേതിൽ ജോൺ സ്റ്റുവർട്ട് മിൽ, റസ്കിൻ തുടങ്ങിയവരുടെ കൃതികളെ അപഗ്രഥിച്ച് അവ ലൈംഗിക വിപ്ലവത്തിനു വേണ്ടിയാണോ എതിരായിട്ടാണോ പ്രവർത്തിച്ചതെന്നു പരിശോധിക്കുന്നു. തങ്ങളുടെ കൃതികളിൽ പ്രതിഫലിച്ച ലൈംഗിക വിപ്ലവത്തിനെക്കുറിച്ച് ഈ കാലഘട്ടത്തിലെ എഴുത്തുകാർക്ക് പേടിയും സന്തോഷവും കുറ്റബോധവും ഒരേ സമയം ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഒരു സിദ്ധാന്തമുണ്ടാക്കാൻ അവർക്കു കഴിഞ്ഞില്ല. തോമസ് ഹാർഡി, ജോർജ്ജ് മെറിഡിത്ത്, ഷാലറ്റ് ബ്രോണ്ടി തുടങ്ങിയവർക്ക് അവബോധമുണ്ടായിരുന്നു; എങ്കിലും ആശയക്കുഴപ്പത്തോടും അസ്ഥിരതയോടും കൂടിയാണവർ സ്ത്രീ-പുരുഷ ബന്ധങ്ങളെ ചിത്രീകരിക്കുന്നത്.

19-ാം നൂറ്റാണ്ടിലെ ഈ പ്രാരംഭഘട്ടത്തിന്റെ വെല്ലുവിളികളെ 1930 മുതൽ 1960 വരെയുള്ള പ്രതിവിപ്ലവകാരികൾ അടിച്ചമർത്തി നിശ്ശബ്ദമാക്കിയതാണ് മില്ലറ്റ് തുടർന്നു പരിശോധിക്കുന്നത്. പ്രശസ്ത മനഃശാസ്ത്രജ്ഞനായ സിഗ്മണ്ട് ഫ്രോയിഡിനെ മില്ലറ്റ് നിശിതമായി ആക്രമിക്കുന്നു. ഫ്രോയ്ഡിന്റെ സിദ്ധാന്തങ്ങളെ ഇടിച്ചുതാഴ്ത്തി ഫ്രോയ്ഡ് എന്ന വിഗ്രഹത്തെത്തന്നെ തച്ചുടയ്ക്കാൻ ശ്രമിക്കുന്നു. റ്റോറി മോയ് ഈ ഖണ്ഡത്തെ 'പ്രാകൃതമായ നശീകരണം' എന്നു വിശേഷിപ്പിക്കുന്നുണ്ട്. പുരുഷലിംഗത്തോട് സ്ത്രീക്ക് അസൂയയാണ് എന്ന സിദ്ധാന്തത്തെ 'ഫ്രോയിഡിയൻ വൃത്തികേട്' എന്നു വിശേഷിപ്പിച്ചുകൊണ്ട് സ്ത്രീക്ക് പുരുഷനോട് അസൂയയുണ്ടെങ്കിൽത്തന്നെ അത് സാമൂഹ്യപരമായ കാരണങ്ങൾകൊണ്ടാണെന്ന് മില്ലറ്റ് സ്ഥാപിക്കുന്നു. പുരുഷനു ലഭിക്കുന്ന സാമൂഹ്യാധികാരം, മേൽക്കോയ്മ, ഒപ്പം തങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കപ്പെടുന്ന രണ്ടാം സ്ഥാനം... ഇതൊക്കെക്കൊണ്ട് സ്ത്രീകൾക്കുണ്ടാകുന്ന അസൂയ പുരുഷലിംഗത്തോടല്ല, ആ ലിംഗത്തിനു ഉയർന്ന സ്ഥാനം കൽപ്പിക്കുന്ന സാമൂഹ്യ കാപട്യത്തോടാണ്. സമൂഹശാസ്ത്രവും ശരീരശാസ്ത്രവും തമ്മിലുള്ള വ്യത്യാസം ഫ്രോയ്ഡിനറിയില്ല എന്നവർ കളിയാക്കുന്നു.

'ലൈംഗിക രാഷ്ട്രീയ'ത്തിന്റെ മൂന്നാം ഭാഗമാണ് 'സാഹിത്യവിചിന്തനങ്ങൾ.' ഇവിടെ മില്ലറ്റ് നേരത്തെ പറഞ്ഞ എഴുത്തുകാരെ പുനർവായനയ്ക്കു വിധേയമാക്കുന്നു. ഡി.എച്ച്. ലോറൻസിനെ അവർ വിളിക്കുന്നത് "ഏറ്റവും പ്രതിഭയുള്ള, അത്യുഷ്ണക്കാരനായ, ലൈംഗിക രാഷ്ട്രീയക്കാരൻ" എന്നാണ്. ലോറൻസിന്റെ പുരുഷാധിപത്യ പ്രവണതകൾ അഞ്ചു ഘട്ടങ്ങളിലൂടെ കടന്നുപോകുന്നുവെന്ന് മില്ലറ്റ് അടയാളപ്പെടുത്തുന്നു: ഭക്തിപരം, മാതൃ-പുത്ര ബന്ധം, അവസ്ഥാന്തരം, സഹോദരബന്ധം, ആചാരപരം. അവസാന ഘട്ടമെത്തുമ്പോൾ സ്ത്രീയെ ആവശ്യമേ ഇല്ലെന്ന തോന്നലാണ് ലോറൻസ് സൃഷ്ടിക്കുന്നത്. (Plumed Serpent എന്ന നോവൽ). ഈ നോവലിലെ 'സെക്ഷ്വൽ ഫാസിസം' സ്ത്രീയുടെ അരുംകൊലയ്ക്കു തുല്യമാണ്.



ഇതു മില്ലറ്റ് വിശദീകരിക്കുന്നത് ആക്രമണോൽസുകമായ ഭാഷയിലാണ്. ലോറൻസിന്റെ ശൈലിയുടെ ആക്ഷേപഹാസ്യം ഇതിൽ ഉപപാഠമായി അടങ്ങിയിരിക്കുന്നതു കാണാം.

തികച്ചും സ്വാഭാവികമായി ലൈംഗിക സ്വാതന്ത്ര്യത്തെ തന്റെ കൃതികളിൽ ചിത്രീകരിക്കുന്ന ആളായി വാഴ്ത്തപ്പെട്ടിട്ടുണ്ട് ഹെന്റി മില്ലർ. മില്ലെറ്റ് ഇതിനോട് വിയോജിക്കുന്നു. സ്ത്രീ ലൈംഗികതയോടുള്ള അറപ്പും വെറുപ്പും വൃത്തികെട്ട മനോഭാവവും നാടകീയമായി അവതരിപ്പിക്കുകയാണ് മില്ലർ ചെയ്യുന്നത്. സ്ത്രീ ലൈംഗികതയെ നിഷേധാത്മകമായി മാത്രം കാണുന്നു. പ്രണയമെന്നത് പുരുഷന്റെ വൈകാരിക കൗശലമാണ്. മേലാള കീഴാള രീതിയിൽ സ്ത്രീ–പുരുഷ ബന്ധത്തെ സ്ഥാപനവൽക്കരിച്ച് പുരുഷാധിപത്യം 'കുടുംബ'ത്തെ ഉണ്ടായി. ഏക ഭർത്താവ് / ഏക ഭാര്യ എന്ന കുടുംബസംവിധാനം അവസാനിക്കണം. അതിന്റെ ശത്രുക്കളായ സ്വവർഗ്ഗപ്രേമം, അവിഹിത സന്തത്യുൽപ്പാദനം, സ്വതന്ത്ര ലൈംഗികത എന്നിവ വളരണം. ഇത്തരം റാഡിക്കലായ അഭിപ്രായങ്ങളാണ് കേറ്റ് മില്ലറ്റിന്റേത്. ജെർമെൻ ഗ്രീയറെപ്പോലെയുള്ള ഫെമിനിസ്റ്റുകൾ ഇവയോട് യോജിച്ച് മില്ലറ്റിനെ പിന്തുണച്ചിട്ടുണ്ട്.

ഫെമിനിസത്തിനും ലെസ്ബിയനിസത്തിനും തമ്മിൽ വിടവുള്ള കാലമായിരുന്നു അത്. ഫെമിനിസ്റ്റുകളേയും ക്വീർ സ്ത്രീകളേയും തമ്മിൽ അടുപ്പിച്ചത് കേറ്റ് മില്ലറ്റ് ആണ്. ഫെമിനിസത്തിന്റെ ഒന്നാം ഘട്ടത്തിലെ പ്രമുഖ സൈദ്ധാന്തികയായ ബെറ്റി ഫ്രീഡൻ ഹോമോഫോബിഷ് അഥവാ സ്വവർഗ്ഗരതിയോടു പേടിയുള്ളവൾ ആയിരുന്നു. ഫെമിനിസം സ്ത്രീ പുരുഷ സമത്വത്തിനുവേണ്ടിയുള്ള സമരമാണെന്നും അതിൽ നിന്നു ശ്രദ്ധതിരിക്കാൻ മാത്രമേ ക്വീർ സിദ്ധാന്തങ്ങൾ ഉപകരിക്കൂ എന്നും ഫ്രീഡൻ വിശ്വസിച്ചു. പുരുഷവിരോധികൾ എന്ന ലേബൽ തങ്ങൾക്കു മേൽ പതിയുമെന്നും അവർ കരുതി. 1969-ൽ ലെസ്ബിയൻ സ്ത്രീകളെ ഫ്രീഡൻ 'ദ് ലാവൻഡർ മെനസ്' എന്നു വിളിച്ചത് സ്വവർഗ്ഗപ്രേമികളെ പ്രകോപിപ്പിച്ചു. എഴുത്തുകാരിയും ആക്റ്റിവിസ്റ്റുമായ റീറ്റാ മേ ബ്രൗൺ അടുത്ത വർഷം ഇതിനെതിരെ പ്രതിഷേധ പ്രകടനവും യോഗവും സംഘടിപ്പിച്ചു. അതിൽ പങ്കെടുത്ത ലെസ്ബിയൻസ് എല്ലാവരും 'ലാവൻഡർ മെനസ്' എന്നെഴുതിയ ടീ ഷർട്ടുകൾ ധരിച്ചിരുന്നു. അതിൽ മില്ലറ്റും പങ്കെടുത്തു. "ഫ്രീഡന് ഞങ്ങൾ സ്വവർഗ്ഗരതിക്കാരോട് വെറുപ്പാണ്" മില്ലറ്റ് പറഞ്ഞു. "അവരുടെ പരിപാടികളിൽ ശല്യമുണ്ടാക്കുന്ന വികൃതിക്കുട്ടികളാണു ഞങ്ങൾ. ഞങ്ങൾ മര്യാദയ്ക്കു പെരുമാറണമെന്നാണ് അവരുടെ ആഗ്രഹം..." എനിക്കവരോട് സഹതാപമുണ്ട്.

വാക്കും പ്രവൃത്തിയും തമ്മിൽ അന്തരമില്ലാതിരുന്നതാണ് കേറ്റ് മില്ലറ്റിന്റെ പ്രത്യേകത. ധിഷണയും ഭാഷയും ഒരുപോലെ വഴങ്ങിയിരുന്നത് മറ്റൊരു സവിശേഷത. ഫെമിനിസത്തെ പിന്താങ്ങുന്നവർക്കും എതിർക്കുന്നവർക്കും അവഗണിക്കാനാവാത്ത പുസ്തകമായി 'സെക്ഷ്വൽ പൊളിറ്റിക്സ്' നിലനിൽക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല. സാഹിത്യത്തിലെ ഏറ്റവും കെട്ടുറപ്പുള്ള വിഗ്രഹങ്ങളെ അടിച്ചുവീഴ്ത്താൻ അവർ കാണിച്ച ധീരതയും അവഗണിക്കാനാവില്ല. യൂറോസെൻട്രിക് ഫെമിനിസത്തോടു യോജിപ്പില്ലാത്ത കറുത്തവർഗ്ഗം ഫെമിനിസ്റ്റുകൾക്കും മൂന്നാം ലോകത്തിലെ ഫെമിനിസ്റ്റുകൾക്കും മില്ലറ്റ് ഒരുപോലെ സ്വീകാര്യയാവുന്നതും ഇതുകൊണ്ടുതന്നെ. ●